KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref: 32980 (Legal) തിയ്യതി - 11.05.2023

**സർക്കുലർ നമ്പർ 18/2023 (Legal)**

വിഷയം- വസ്തു ജാമ്യം സ്വീകരിക്കുമ്പോൾ 13 വർഷത്തെ മുൻപ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കണമെന്ന നിബന്ധനയിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന - 1. 17.03.2001 തിയ്യതിയിലെ 48/2001 നമ്പർ സർക്കുലർ.
2. 11.04.1997 തിയ്യതിയിലെ 19/1997 നമ്പർ സർക്കുലർ.
3. 23.02.2023 തിയ്യതിയിലെ 568-ാം മത് ബോർഡ് യോഗത്തിലെ 9868-ാം നമ്പർ തീരുമാനം.

****

ചിട്ടികൾക്കും വായ്പകൾക്കും വസ്തു ജാമ്യം സ്വീകരിക്കുമ്പോൾ 13 വർഷത്തെ മുൻ പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കണമെന്നാണ് നമ്മുടെ കമ്പനിയിലെ നിലവിലുള്ള വ്യവസ്ഥ. മുൻപ്രമാണങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവും കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ മുൻപ്രമാണങ്ങളുടെ അസ്സൽ സൂക്ഷിക്കുകയും, മുൻപ്രമാണങ്ങളിലെ വസ്തുവിന്റെ ഒരു ഭാഗം മാത്രമാണ് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതെങ്കിൽ 13 വർഷത്തെ മുൻപ്രമാണങ്ങളുടെ ബ്രാഞ്ച് മാനേജർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് വാങ്ങി സൂക്ഷിക്കുകയുമാണ് ചെയ്തു വരുന്നത്. എന്നാൽ മുൻപ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കാൻ പലപ്പോഴും വസ്തു ഉടമസ്ഥർക്ക് സാധിക്കാറില്ല. ആയതിനാൽ തന്നെ ചിട്ടിപ്പണം നൽകാതെ പല അക്കൗണ്ടുകളും Prized but not paid ആയി മാറാറുമുണ്ട്. അങ്ങനെ ചിട്ടിപ്പണം ലഭിക്കാത്തതിനാൽ ചിട്ടി തുടർന്ന് അടക്കാതിരിക്കുകയും ധാരാളം പരാതികൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഡയറക്ടർ ബോർഡ് യോഗം വിശദമായി പരിശോധിക്കുകയും വസ്തു ജാമ്യം സ്വീകരിക്കുമ്പോൾ 13 വർഷത്തെ മുൻ പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കുന്നത് സംബന്ധിച്ച് ഭേദഗതി വരുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ഭേദഗതികൾ ചുവടെ ചേർക്കുന്നു.

1. പണയപ്പെടുത്തുന്ന വസ്തുവിനേക്കാൾ കൂടുതൽ വസ്തു മുൻപ്രമാണത്തിലുണ്ടാവുകയും 13 വർഷത്തെ മുൻ പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കാൻ സാധിക്കുന്നുമില്ലെങ്കിൽ അസ്സൽ ഹാജരാക്കണമെന്ന് നിർബന്ധിക്കേണ്ടതില്ല. പകർപ്പ് ഹാജരാക്കിയാലും മതിയാകും. പകർപ്പാണ് ഹാജരാക്കുന്നതെങ്കിൽ സർട്ടിഫൈഡ് കോപ്പി എടുത്ത് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതുമാകുന്നു.
2. മുൻപ്രമാണങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവും കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ 13 വർഷത്തെ മുൻപ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ആയത് ഹാജരാക്കുവാൻ സാധിക്കാതെ വരികയാണെങ്കിൽ മതിയായ വിശദീകരണങ്ങളുണ്ടെങ്കിൽ, ശാഖകൾക്ക് ഫയൽ അംഗീകാരത്തിനായി മേഖലാ ഓഫീസിലേക്ക് അയക്കാവുന്നതാണ്. ഫയൽ പരിശോധിച്ച് വിശദീകരണങ്ങൾ തൃപ്തികരമാണെങ്കിൽ വസ്തുജാമ്യം സ്വീകരിക്കുവാൻ മേഖലാതലവൻമാർ നിബന്ധനകളോടുകൂടി അംഗീകാരം നൽകാവുന്നതാണ്.

കെ.എസ്.എഫ്.ഇ യ്ക്കുവേണ്ടി,

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To- എല്ലാ ശാഖാതലവൻമാർക്കും

പകർപ്പ് :-
1. എല്ലാ മേഖലാഓഫീസുകൾക്കും
2. എല്ലാ ഓഡിറ്റ് ടീമുകൾക്കും
3. ഹെഡ് ഓഫീസിലെ എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും
4. എം.ഡിയുടെ പി.എ